# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5041 30/06/2014-ൽ മറുപടിയ്ക്ക്**

**ജലജീവികൾക്ക് ആശുപത്രി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ജോസഫ് വാഴക്കൻ:<br>ശ്രീ. വി. റ്റി. ബൽറാം:<br>ശ്രീ. എം. പി. വിൻസെന്റ്:<br>ശ്രീ. കെ. ശിവദാസൻ നായർ:** | | **ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):** | |
| (എ) | ഫിഷറീസ് സർവ്വകലാശാലയിൽ ജലജീവികൾക്ക് മാത്രമായി ആശുപത്രി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | ഉണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | (ബി) | വിവിധതരം ജലജീവികളുടെ ഹിസ്റ്റോപാത്തോളജി, മൈക്രോബയോളജി എന്നിവയുമായി ബന്ധപ്പെട്ട ടെസ്റ്റുകളും ജലജീവികളുടെ രോഗനിർണ്ണയവും മണ്ണിന്റെയും ജലത്തിന്റെയും ഗുണനിലവാര നിർണ്ണയവും ഇവിടെ നടത്താവുന്നതാണ്. കൂടാതെ ഈ ക്ലിനിക് സംസ്ഥാനത്തിന്റെ ഒരു റഫറൽ ലബോറട്ടറിയായും ഉപയോഗിക്കാവുന്നതാണ്. |
| (സി) | ഇതിനായി ദേശീയ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് എന്ത് തുക അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (സി) | 56 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകുകയും അതിൽ 28 ലക്ഷം രൂപ ഇതിനകം കുഫോസിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ആശുപത്രി തുടങ്ങുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ഡി) | വിവിധയിനം യന്ത്രസാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടികളും ക്ലിനിക് തുടങ്ങുന്നതിനാവശ്യമായ സ്ഥലം നിർണ്ണയിക്കുന്നതിനായുള്ള നടപടികളും കുഫോസ് സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ആഫീസർ**